(സി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിലവിൽ എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഉണ്ട്.

(ഡി) ചെലവു ചുരുക്കൽ നടപടിയുടെ ഭാഗമായി സർക്കാരിലും സർക്കാർ എയിഡഡ് സ്കൂളുകളിലും കോളേജുകളിലും പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടുള്ളതല്ല എന്ന് 17.11.'99 ലെ ജി.ഒ (പി)2278/99/ഫിൻ പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിൽ നിന്നും ഇളവനുവദിക്കാനുള്ള അധികാരം മന്ത്രിസഭയിൽ നിക്ഷിപ്തമാണ്.

പബ്ലിക് സർവ്വീസ് കമ്മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

44(782)ശ്രീ.കെ.ടി. കുഞ്ഞഹമ്മദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പബ്ലിക് സർവ്വീസ് കമ്മിഷൻ ഓഫീസുകളിൽ വളരെയധികം അപേക്ഷകൾ തീർപ്പു കൽപ്പിക്കാനായി കെട്ടിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എത്ര അപേക്ഷകളാണ് ഇങ്ങനെ കെട്ടിക്കിടക്കുന്നതെന്ന് അറിയിക്കുമോ;

(സി) കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതുൾപ്പെടെയുള്ള കുടിശ്ശിക ജോലികൾ ചെയ്തു തീർക്കുന്നതിന് പി.എസ്.സി എന്തെങ്കിലും നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ ആഫീസുകളിൽ ഏകദേശം 81 ലക്ഷത്തോളം അപേക്ഷകൾ തെരഞ്ഞെടുപ്പ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലാണുള്ളത്.

(സി)&(ഡി) പി.എസ്.സി സമർപ്പിച്ചിട്ടുള്ള കമ്പ്യൂട്ടറൈസേഷൻ സംബന്ധിച്ച നിർദ്ദേശം അംഗീകരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ വർഷങ്ങളായി കെട്ടിക്കിടക്കുന്ന ജോലികൾ ചെയ്തു തീർക്കുന്നതിനുവേണ്ടി ഒരു അരിയർ ക്ലിയറൻസ് സെൽ രൂപീകരിക്കുന്നതിനും ഇതിലേക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly